പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6130** **10.07.2012 ൽ മറുപടിയ്ക്ക്**

**<u>കർഷക കടാശ്വാസ നിയമം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ.രാജേഷ് | ശ്രീ.കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കർഷക കടാശ്വാസ നിയമപ്രകാരം നിലവിൽ ജപ്തി നടപടികൾ നേരിടുന്നവരെ ജപ്തിയിൽ നിന്നും ഒഴിവാക്കുമോ; | (എ) കടാശ്വാസം അനുവദിക്കുന്നതിനായി സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ പരിഗണനയിലിരിക്കവേ ജപ്തി നടപടി നേരിടുന്ന കർഷകർക്ക് നിശ്ചിത തുക ഗഡുക്കളായി അടയ്ക്കണമെന്ന നിബന്ധനയിന്മേൽ സ്റ്റേ അനുവദിക്കാറുണ്ട്. |
| (ബി) ഈ വർഷത്തെ നെൽകൃഷി ആരംഭിക്കുന്നതിന് മുൻപ് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ജില്ലാ കൃഷി ഓഫീസർമാർ പങ്കെടുത്തുകൊണ്ട് ആലോചനായോഗങ്ങൾ ചേരുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ യോഗങ്ങൾ ചേർന്നിട്ടില്ല. എന്നാൽ കൃഷി ഭവൻ തലത്തിൽ പാടശേഖരാടിസ്ഥാനത്തിൽ ജില്ലാതല ഓഫീസർമാർ പങ്കെടുത്തുകൊണ്ടുള്ള യോഗങ്ങൾ സംഘടിപ്പിക്കാറുണ്ട്. |
| (സി) വരുന്ന വർഷക്കാലത്തെ നെൽകൃഷി ആരംഭിക്കുന്നതിനു മുൻപ് സർക്കാർ കൊടുക്കുന്ന പൂട്ടുകൂലി, വിത്ത്, വളം എന്നിവയ്ക്കാനുപാതികമായി കൃഷി നടക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുമോ ? | (സി) കൃഷി നടക്കുന്നുണ്ടെന്ന് കൃഷി ഉദ്യോഗസ്ഥർ ഉറപ്പുവരുത്തിയിട്ടാണ് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ